# LBS Centre for Science & Technology

**(A Government of Kerala Undertaking)**

Nandavanam, Palayam, Thiruvananthapuram - 695 033, Kerala

Phone : 0471 - 2324396, 2324148, 2324364, 2338580, 2338581, 2338582

Fax: 0471 - 2337055; Email: mail@lbscentre.org

websites: www.lbskerala.com www.lbscentre.org


## ക്വട്ടേഷൻ നോട്ടീസ്

നമ്പർ: ബി.3/4799/2009 09/02/2010

എൽ ബി എസ് സെന്ററിന്റെ മുഖ്യആഫീസിൽ (നന്ദാവനം, പാളയം) നിന്നും തപാൽ മറ്റു തപാലേതര ഉരുപ്പടികൾ എന്നിവ സെന്ററിന്റെ എല്ലാ ജില്ലകളിലുമുള്ള റീജിയണൽ/സബ് സെന്ററുകളിലേയ്ക്ക് ദിവസം പ്രതി കൊറിയർ സർവ്വീസ് വഴി എത്തിക്കുന്നതിനുള്ള മുദ്രവച്ച ക്വട്ടേഷനുകൾ അംഗീകൃത ഏജൻസികളിൽ (രജിസ്ട്രേഷൻ പകർപ്പ് ഉൾപ്പെടെ) നിന്നും ക്ഷണിക്കുന്നു. നിർദ്ദിഷ്ട ക്വട്ടേഷനുകൾ 25/03/2010 12 മണിക്കു മുമ്പായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3 മണിക്ക് തുറക്കുന്നതാണ്.

1) ഈ സെന്ററിൽ നിന്നുള്ള തപാലുകൾ/തപാലേതര ഉരുപ്പടികൾ ദിവസവും വൈകുന്നേരം 5 മണിക്ക് ഏജൻസി ഏറ്റുവാങ്ങേണ്ടതും ആയത് തൊട്ടടുത്ത ദിവസം കിട്ടേണ്ട ആളിന്/ സ്ഥാപനത്തിന് കൃത്യമായും എത്തിച്ച് തീയതിയോടുകൂടിയ രസീതു കൈപ്പറ്റേണ്ടതുമാണ്.
2) ഇത്തരത്തിൽ ദിവസവും കൈപ്പറ്റുന്ന രസീത് എല്ലാ മാസവും ഏജൻസിയ്ക്ക് അർഹമായ തുകയ്ക്കുള്ള ബില്ലിനോടൊപ്പം ചേർക്കേണ്ടതാണ്.
3) ഏറ്റെടുക്കുന്ന തപാലുരുപ്പടികളുടെ പൂർണ്ണഉത്തരവാദിത്വം ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും.
4) ഈ സെന്ററിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ ഒട്ടുമിക്ക എല്ലാ സർക്കാർ/സർക്കാരേതര ഓഫീസുകളിലേയ്ക്കും തപാൽ ഉരുപ്പടികൾ എത്തിക്കേണ്ടതാണ്.
5) കൂടാതെ സംസ്ഥാനത്തിനു പുറത്തും ഓഫീസുകളിലേയ്ക്കും/വ്യക്തികൾക്കും തപാലുകൾ വിതരണം ചെയ്യേണ്ടതായുണ്ട്.
6) ഇപ്പോൾ ക്ഷണിച്ചിരിക്കുന്ന ക്വട്ടേഷൻ 01/04/2010 മുതൽ വരുന്ന 3 വർഷത്തേയ്ക്ക് വേണ്ടിയുള്ള കാലയളവിലേയ്ക്കുള്ള കരാർ ആയിരിക്കും.
7) ചില അത്യാവശ്യ ഘട്ടങ്ങളിൽ മുകളിൽ പറഞ്ഞ സമയത്തിനു മുൻപും ശേഷവും, ചില അടിയന്തിര തപാലുകൾ വിതരണം ചെയ്യേണ്ടതായിവരുകയും ഈ അവസരത്തിൽ ഈ ഏജൻസിയുടെ സേവനം ആവശ്യപ്പെടുന്നതുമാണ്. അത്തരം സന്ദർഭങ്ങളിൽ കൊറിയർ ഏറ്റെടുക്കുന്ന സ്ഥാപനം ആ ദൗത്യം ഏറ്റെടുത്ത് നടപ്പിൽ വരുത്തേണ്ടതും ആയതിന് യാതൊരുവിധ തടസ്സവാദങ്ങളോ, അധിക തുകയോ ഈടാക്കാതെ ആയവ നിർദ്ദേശാനുസരണം എത്തിക്കേണ്ടതാണ്.
8) കൂടാതെ ഈ സെന്ററിൽ നിന്നും ഒട്ടനവധി പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ, ചോദ്യക്കടലാസുകൾ ഇത്തരത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന തപാൽ ഉരുപ്പടികൾ സമയ ബന്ധിതമായി അതാത് സ്ഥലങ്ങളിൽ നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എത്തിക്കേണ്ട ബാധ്യതയും, ഈ ദൗത്യം ഏറ്റെടുക്കുന്ന ഏജൻസിയിൽ നിക്ഷിപ്തമാണ്.
9) ഏതെങ്കിലും കാരണവശാൽ ഏറ്റെടുത്ത തപാലുരുപ്പടി കൈപ്പറ്റാത്ത സാഹചര്യത്തിൽ ആയവ തിരികെ സെന്ററിൽ എത്തിക്കേണ്ടതും ഏറ്റെടുക്കുന്ന തപാൽ ഉരുപ്പടികളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏജൻസിയിൽ നിക്ഷിപ്തവുമായിരിക്കും
10) മുകളിൽ വിവരിച്ച പ്രകാരം, കരാർ ഏറ്റെടുക്കുന്ന ഏജൻസി/വ്യക്തിയുടെ സേവനം ഈ സ്ഥാപനത്തിന് തൃപ്തികരമല്ലായെന്ന് വരുന്ന പക്ഷം ടി. കരാർ അവസാനിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

കരാർ ഏൽക്കുന്ന ഏജൻസി 50 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് എഴുതി ഒപ്പിട്ടുതരേണ്ടതും, നിശ്ചിത കരാർ കാലാവധി( 3 വർഷം) കണക്കാക്കി 6000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡ്രാഫ്റ്റായി (ഡി.ഡി.) കരാറിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

ഡയറക്ടർ